# കേരള കാർഷിക സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, മെയിൻ കാമ്പസ് ,വെള്ളാനിക്കര,തൃശ്ശൂർ-680656

## ലേല/ദർഘാസ് പരസ്യം

**നമ്പർ : എ8/4587/2017** **തീയ്യതി :20/10/2018**

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ ഉടമസ്ഥതയിലുള്ള താഴെപറയുന്ന വാഹനങ്ങൾ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| ക്രമ നം | വാഹനത്തിന്റെ വിവരം | രജിസ്ട്രേഷൻ നമ്പർ | വർഷം | നിരത ദ്രവ്യം | വാഹനം സൂക്ഷിച്ചിട്ടുള്ള കേന്ദ്രം/ ലേല സ്ഥലം | ലേല തീയ്യതിയും സമയവും |
|---|---|---|---|---|---|---|
| 1 | ബജാജ് മോട്ടോർ സൈക്കിൾ | KL 08 C 782 | 1992 | 500/- | കേരള കാർഷിക സർവ്വകലാശാല, ഹെഡ് ക്വാർട്ടേഴ്സ്, വെള്ളാനിക്കര തൃശ്ശൂർ | 13/11/2018 11.30 a.m |
| 2 | ബജാജ് മോട്ടോർ സൈക്കിൾ | KL 08 C 715 | 1992 | 500/- | | |
| 3 | ടെമ്പോ ട്രാക്സ് | KL 08 H 7795 | 1996 | 2500/- | | |
| 4 | ടെമ്പോ ട്രാക്സ് | KL 08 N 446 | 1999 | 2500/- | | |
| 5 | ടെമ്പോ ട്രാക്സ് | KL 08 D 6446 | 1994 | 2500/- | | |
| 6 | മിനി ബസ് (TELCO) | KL 08 Q 583 | 1999 | 3500/- | | |
| 7 | അമ്പാസിഡർ കാർ | KL 08 N 3782 | 1999 | 2000/- | | |
| 8 | മാരുതി 800 STD കാർ | KL 08 L 7131 | 1998 | 2000/- | | |
| 9 | മഹീന്ദ്ര ജീപ്പ് | KL 08 N 687 | 1999 | 2500/- | | |
| 10 | ബജാജ് മോട്ടോർ സൈക്കിൾ | KL 08 C 9504 | 1993 | 500/- | | |
| 11 | അമ്പാസിഡർ കാർ | KL 08 N 4095 | 1999 | 2000/- | | |
| 12 | ടെമ്പോ ട്രാവലർ | KL 08 B 4007 | 1992 | 3500/- | | |
| 13 | ബജാജ് മോട്ടോർ സൈക്കിൾ | KL 08 C 713 | 1992 | 500/- | | |
| 14 | മഹീന്ദ്ര ജീപ്പ് | KL 08 B 4128 | 1992 | 2500/- | | |
| 15 | ബജാജ് മോട്ടോർ സൈക്കിൾ | KL 08 H 411 | 1996 | 500/- | | |
| 16 | ബജാജ് മോട്ടോർ സൈക്കിൾ | KL 01 J 4140 | 1996 | 500/- | കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം | 22/11/2018 11.30 a.m |
| 17 | മിനി ബസ് | KL 01 B 6829 | 1992 | 2500/- | | |
| 18 | മഹീന്ദ്ര ജീപ്പ് | KL 08 L 3988 | 1997 | 2500/- | | |
| 19 | മഹീന്ദ്ര ജീപ്പ് | KL 08 D 3758 | 1993 | 2500/- | | |

| | | | | | | |
|---|---|---|---|---|---|---|
| 20 | മഹീന്ദ്ര ജീപ്പ് | KL 08 B 4098 | 1992 | 2500/- | KCAET,തവനൂർ, മലപ്പുറം | 17/11/2018 11.30 a.m |
| 21 | ടമ്പോ ട്രാവലർ | KL 08 G 1865 | 1996 | 3500/- | | |
| 22 | അമ്പാസിഡർ കാർ | KL 08 G 1540(കാർഷിക കോളേജ്, പടന്നക്കാട്) | 1996 | 2000/- | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്, കാസർകോഡ് | 27/11/2018 11.30 a.m |
| 23 | ടെമ്പോ ട്രാവലർ | KL 08 F 9836 | 1995 | 2500/- | | |
| 24 | ബജാജ് മോട്ടോർ സൈക്കിൾ | KL 14 8059 | 1992 | 500/- | | |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് അതതു വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ 'ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ ' കാര്യാലയത്തിൽ ലേലത്തിന് ഒരു മണിക്കൂർ മുമ്പ് വരെ സ്വീകരിക്കുന്നതാണ്.വെള്ളായണി, തവനൂർ,പീലിക്കോട് എന്നീ കേന്ദ്രങ്ങളിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള ദർഘാസുകൾ ലേല സമയത്തിനുമുൻപ് അതാത് കേന്ദ്രം മേധാവിക്ക് അല്ലെങ്കിൽ ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് നേരിട്ട് നൽകേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യം മേൽപറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും **'ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ'** പേരിൽ വാങ്ങിയതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരള കാർഷിക സർവ്വകലാശാല ശാഖയിൽ മാറാവുന്നതുമായ ഡി.ഡി വയ്ക്കേണ്ടതാണ്. കവറിനു മുകളിൽ **'വാഹന ലേലത്തിനുള്ള ദർഘാസ് .................... (വാഹന രജി: നമ്പർ)** എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഓരോ വാഹനത്തിനും പ്രത്യേകം ദർഘാസും നിരതദ്രവ്യവും നൽകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരിപ്പെടുത്തി ലഭിക്കുന്നയാൾ 18% ചരക്ക സേവന നികുതിയടക്കം ലേലം/ദർഘാസ് തുകയുടെ പകുതി ലേല സ്ഥലത്തുവച്ച തന്നെ അടയ്ക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുക അടച്ച് വാഹനം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടയാൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അടച്ച നിരതദ്രവ്യം സർവ്വകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർവ്വകലാശാലക്ക് എന്തെങ്കിലും നഷ്ടം വന്നാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതല്ല.

ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കണമെന്നുള്ളവർക്ക് ലേല തീയതിക്ക് തൊട്ടുമുൻപുള്ള പ്രവർത്തി ദിവസങ്ങൾ വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് വാഹനം സൂക്ഷിച്ചിട്ടുള്ള കേന്ദ്രം മേധാവിയുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള സംശയനിവാരണത്തിന് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**0487- 2438154, 9747000839, 9495852499**

ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും യാതൊരുവിധ കാരണവും കാണിക്കാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം/ദർഘാസ് നടപടികൾ മാറ്റിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുമുള്ള പൂർണ്ണ അധികാരം ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിൽ നിക്ഷിപ്തമാണ്.

**ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്(i/c)**

പകർപ്പ്:- നോട്ടീസ് ബോർഡ്/കെ.എ.യു. വെബ് സൈറ്റ്/ സർവകലാശാലയുടെ എല്ലാ കേന്ദ്രങ്ങളിലേക്കും.